# ഇടവക മിഷൻ -ബൈബിൾ ക്വിസ്സ്

## വിശുദ്ധ മത്തായി എഴുതിയ സുവിശേഷം

**നിർദേശങ്ങൾ**

(i) മലയാളം **പഴയ പതിപ്പിൽ** നിന്നുള്ള പദങ്ങൾ ഉപയോഗിക്കുക

(ii) ഉത്തരങ്ങൾ **വി. മത്തായിയുടെ** സുവിശേഷത്തെ **മാത്രം** ആസ്പദമാക്കി എഴുതുക

(iii) ഉത്തരങ്ങൾ ലെറ്റർ സൈസ് പേപ്പറിൽ എഴുതുകയോ ടൈപ്പ് ചെയ്യുകയോ ആകാം. അതിൽ നിങ്ങളുടെ പൂർണമായ **പേരും ടെലിഫോൺ നമ്പറും** ഉണ്ടായിരിക്കണം

(iv) ഉത്തരങ്ങൾ **2019, ഏപ്രിൽ 28**നോ അതിനു മുൻപായോ വികാരി സുനിൽ മാത്യു അച്ചന്റെ പക്കലോ സെക്രട്ടറി അലക്സാണ്ടർ ഫിലിപ്പിന്റെ പക്കലോ ഏല്പിക്കാവുന്നതാണ്. അല്ലെങ്കിൽ edavakamisionsevretary@marthoma.ca എന്ന ഇമെയിൽ അഡ്രസ്സിൽ അയക്കുക

(v) ദ കനേഡിയൻ മാർ തോമ ചർച്ചിലെ (ചോദ്യ കർത്താവിന്റെ കുടുംബാങ്ങങ്ങളൊഴികെയുള്ള ) എല്ലാ അംഗങ്ങൾക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്

(vi) അന്തിമ തീരുമാനം **വികാരി അച്ഛന്റെ** അഭിപ്രായമാനുസരിച്ചായിരിക്കും

1) അബ്രഹാം മുതൽ മ്ശിഹാ വരെ എത്ര തലമുറകൾ?

2) യേശുക്രിസ്തുവിന്റെ വംശാവലിയിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ത്രീകൾ ആരെല്ലാം?

3) ശരിയായ ഉത്തരങ്ങളുടെ ഭാഗമായതെല്ലാം എഴുതുക?
ജോസഫ് മേരിയെ ഗൂഢമായി ഉപേക്ഷിക്കാൻ ഭാവിച്ചതിന്റെ കാരണം,
എ. ജോസഫ് നീതിമാനാകകൊണ്ടു
ബി. മേരി ഗർഭം ധരിച്ചത് പരിശുദ്ധാത്മാവിനാൽ ആയതുകൊണ്ട്
സി. ജോസഫ് അവനെക്കുറിച്ചുള്ള ലോകാപവാദം ഭയന്നതുകൊണ്ടു,
ഡി. ജോസഫ് മേരിയ്ക്കു ലോകാപവാദം വരുത്താൻ ശങ്കിച്ചതുകൊണ്ടു

4) “ഇമ്മാനുവേൽ” എന്നതിന്റെ അർഥം

5) യേശുക്രിസ്തുവിന്റെ ജനന വാർത്ത കേട്ട് ഭയപ്പെട്ടതാര്?

6) ഏകദേശം എത്രാമത്തെ വയസ്സിലാണ് യേശുക്രിസ്തുവും കുടുംബവും മിസ്രയീമിലേക്കു ഓടിപ്പോയത്? ഏതു വാക്യത്തിൽ നിന്നാണ് അത് മനസ്സിലാകുന്നത്?

7) യോഹന്നാൻ സ്നാപകനും യേശുക്രിസ്തുവിനു ജനങ്ങളോടുള്ള സന്ദേശം അടിസ്ഥാന പരമായി ഒന്ന് തന്നെയായിരുന്നു. എന്താണത്?.

8) ത്രിത്വ ദൈവത്തിന്റെ സാന്നിധ്യം യേശുക്രിസ്തുവിന്റെ സ്നാന സമയത്തു നാം കാണുന്നതെങ്ങനെ?

9)സ്നാനത്തിനു ശേഷം യേശുക്രിസ്തു എത്ര നാൾ മരുഭൂമിയിൽ ഉപവസിച്ചു ?

10)യേശുക്രിസ്തു നസറേത്തു വിട്ടു കഫർന്നഹൂമിൽ ചെന്ന് പാർത്തത് എപ്പോൾ?

11) യേശു അനുഗമിപ്പാൻ ആദ്യം ക്ഷണിച്ചത്ആരെയാണ്?

12) അഞ്ചാം അദ്ധ്യായം അനുസരിച്ചു, എത്ര തരം ആൾക്കാരാണ് ഭാഗ്യവാന്മാർ? ഏതൊക്കെ?

13) നമ്മുടെ നീതി എന്ത് കൊണ്ട് ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയണം?

14) യേശുക്രിസ്തു പറഞ്ഞു അശേഷം സത്യം ചെയ്യരുത്. പിന്നെ നമ്മുടെ വാക്ക് എങ്ങനെയായിരിക്കണം ?

15) രഹസ്യത്തിൽകാണുന്ന നമ്മുടെ പിതാവിൽ നിന്നും പ്രതിഫലം ലഭിക്കാൻ എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്?

16) ഏതു വാക്യങ്ങളിലാണ് യേശു ഒരു മാതൃകാ പ്രാർത്ഥന കാണിച്ചിരിക്കുന്നത്?

17)നാം മുൻപേ അന്വേഷിക്കേണ്ടത് എന്താണ് ?

18) പൂരിപ്പിക്കുക: എന്നാൽ സ്വന്ത കണ്ണിലെ __________ ഓർക്കാതെ സഹോദരന്റെ കണ്ണിലെ _________ നോക്കുന്നത് എന്ത് ?

19) ന്യായ പ്രമാണവും പ്രവാചകന്മാരും പറയുന്നതെന്താണ് ?

20)നല്ല വൃക്ഷവും ആകാത്ത വൃക്ഷവും എങ്ങനെ തിരിച്ചറിയും ?

21)യേശുക്രിസ്തുവിന്റെ ഉപദേശം ശാസ്ത്രിമാരുടെ ഉപദേശത്തിൽ നിന്നും എങ്ങനെ വ്യത്യസ്തമാണ് ?

22)ഏതു പട്ടണക്കാരാണ് യേശുക്രിസ്തുവിനോട് അതിർ വിട്ടു പോകേണം എന്നപേക്ഷിച്ചതു? എന്തുകൊണ്ട്?

23)പത്രോസിന്റെ അമ്മായിയമ്മയുടെ അസുഖം എന്തായിരുന്നു ?

24)യേശുക്രിസ്തു മത്തായിയെ എവിടെ നിന്നാണ് അനുഗമിക്കാൻ വിളിച്ചത് ?

25)രസക്തസ്രാവമുള്ള സ്ത്രീ എത്ര നാൾ അസുഖമായിരുന്നു ?

26)യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാർ ആരൊക്കെയാണ് ?

27) "കാശിനു രണ്ടു കുരുക്കിൽ വിൽക്കുന്നില്ലയോ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവ് സമ്മതിക്കാതെ നിലത്തു വീഴുകയില്ല." ശിഷ്യന്മാരോട് യേശുക്രിസ്തു ഇത് പറയാൻ കാരണം; (ഒന്ന് തിരഞ്ഞെടുക്കുക)
A. കുരികിലുകൾ വെറും വിലകുറഞ്ഞതാണെന്നു കാണിക്കാൻ
B. മറ്റു ആഹാരം ഇല്ലാത്തപ്പോൾ കുരികിലിനെ ഭക്ഷണമായുപയോഗിക്കാമെന്നു പറയാൻ
C. അവർ കുരികിലിനെക്കാൾ വിശേഷതയുള്ളവരാണെന്നു ധൈര്യപ്പെടുത്താൻ
D. കുരികിലിനെപ്പോലെ അവരും കൊല്ലപ്പെടാമെന്നു മുന്നറിയിപ്പ് നൽകാൻ

28) "... നിങ്ങൾക്കു പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവ് അവൻ തന്നെ" ആരാണ് ഈ ഏലിയാവ് ?

29)പിതാവിനെ (ദൈവം ) അറിയുന്നത് ആര് ?

30)പൂരിപ്പിക്കുക: എന്റെ _______ മൃദുവും എന്റെ ________ ലഘുവും ആകുന്നു.

31)പരീശന്മാരുടെ അഭിപ്രായത്തിൽ, വിഹിതമല്ലാത്ത എന്ത് സംഗതിയാണ് യേശുവിന്റെ ശിഷ്യന്മാർ ചെയ്തത്?

32)എങ്ങനെയുള്ള ദൂഷണമാണ് ക്ഷമിക്കപ്പെടാത്തതു ?

33) പരീശന്മാരും ശാസ്ത്രിമാരും യേശുവിനോടു സ്വർഗത്തിൽ നിന്നൊരു അടയാളം ചോദിച്ചു. എന്ത് അടയാളമാണ് യേശു ചെയ്തു കാണിച്ചത്? (ശരിയായത് തിരഞ്ഞെടുക്കുക)
-അന്ധന് കാഴ്ച നൽകി
-മരിച്ച പെൺകുട്ടിയെ ഉയിർപ്പിച്ചു
-കുഷ്ഠരോഗിയെ സൗഖ്യമാക്കി
-ഒരു അടയാളവും പ്രവർത്തിച്ചില്ല

34) മത്തായിയുടെ സുവിശേഷത്തിൽ, യേശുക്രിസ്തു തന്നെത്താൻ വിശേഷിപ്പിക്കുന്നത്;
-മനുഷ്യപുത്രൻ
-ദൈവപുത്രൻ
-ദാവീദ് പുത്രൻ
-ദൈവ ദാസൻ

35) മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന, യേശുവിന്റെ ഭൂമിയിലെ സഹോദരന്മാർ ആരെല്ലാം?

36) യോഹാന്നാൻ സ്നാപകന്റെ തല സമ്മാനമായി ഒരു താലത്തിൽ  വേണമെന്ന് ആവശ്യപ്പെട്ടതാർ?

37) താഴെ പറയുന്ന കാര്യങ്ങൾ മത്തായിയുടെ സുവിഷത്തിൽ വരുന്ന ക്രമമനുസരിച്ചു എഴുതുക.
-യേശു  വെള്ളത്തിന്മീതെ നടക്കുന്നു
-അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ ഊട്ടുന്നു
-പത്രോസ്  വെള്ളത്തിന്മീതെ നടക്കുന്നു
-യേശു ക്രിസ്തുവിനെ ഉയിർത്തെഴുന്നേറ്റ യോഹന്നാൻ സ്നാപകൻ ആണെന്ന് ഹെരോദാവ് കരുതുന്നു

38) "മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടുകൊടുക്കുന്ന നന്നല്ല" യേശു ഇത് ആരോടാണ് പറഞ്ഞത്?

39) "പരീശന്മാരുടെയും സദുക്യരുടെയും പുളിച്ച മാവ് സൂക്ഷിച്ചു കൊൾവിൻ" എന്നതുകൊണ്ട് യേശു എന്താണ് അർത്ഥമാക്കുന്നത്?

40) യേശു  വരുവാനുള്ള  മശീഹ  ആണെന്ന്  ആദ്യം  പറഞ്ഞത്  ഏതു  ശിഷ്യനാണ് ?  മറ്റുള്ളവർ  യേശു ആരെന്നാണ്  കരുതിയത് ?

41) മറുരൂപ മലയിൽ യേശു കൊണ്ടുപോയത് ആരെയെല്ലാം? ആരൊക്കെയാണ് അവനെ അവിടെ സന്ദർശിച്ചത് ?

42) ദേവാലയ നികുതി കൊടുക്കാനുള്ള പണം യേശു കണ്ടെത്തിയത് എങ്ങനെയാണ്?

43) കഴുത്തിൽ വലിയൊരു തിരികല്ല് കെട്ടി സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയേണ്ടത് ആരെയാണ്?

44) എത്ര വട്ടം സഹോദരനോട് ക്ഷമിക്കണം എന്നാണു  യേശുക്രിസ്തു അരുളിച്ചെയ്തതു?

45) "സ്ത്രീയെ സംബന്ധിച്ചു മനുഷ്യന്റെ അവസ്ഥ ഇങ്ങനെ എങ്കിൽ വിവാഹം കഴിക്കുന്നത് നന്നല്ല" ശിഷ്യന്മാർ അങ്ങനെ പറയാൻ എന്താണ് കാരണം?

46) ധനവാൻ സ്വർഗ്ഗരാജ്യത്തി കടക്കുന്നതിന്റെ പ്രയാസം യേശുക്രിസ്തു ഏതുമായിട്ടാണ് താരതമ്യം ചെയ്യുന്നത് ?

47) ഏതവസരത്തിലാണ് യേശു പറഞ്ഞത്, "നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ  ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം." ?

48) കഴുതക്കുട്ടിയുടെ പുറത്തു കയറി പട്ടണത്തിലേക്കു വന്ന യേശുവിനെക്കണ്ടു ജനം ആർത്തുവിളിച്ചതെന്താണ്? (കൃത്യമായ വാക്കുകൾ ഉപയോഗിക്കുക)

49) ദൈവാലയ ശുദ്ധീകരണത്തിന് ശേഷം യേശു രാത്രി തങ്ങിയത് ഏതു പട്ടണത്തിൽ?

50) ഉണങ്ങിപ്പോയ  അത്തിയുടെ  സംഭവത്തിലൂടെ വിശ്വാസത്തെപ്പറ്റിയുള്ള എന്ത് പാഠമാണ് യേശു ശിഷ്യന്മാരെ  പഠിപ്പിച്ചത് ?

51) "ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു" ഏതു രണ്ടു കല്പനകൾ?

52) എന്തുകൊണ്ടാണ് യേശുക്രിസ്തു പറഞ്ഞത്, "ശാസ്ത്രിമാരും പരീശന്മാരും നിങ്ങളോടു പറയുന്നതൊക്കെയും പ്രമാണിച്ചു ചെയ്‌വിൻ; അവരുടെ പ്രവർത്തികൾ പോലെ ചെയ്യരുത് താനും."?

53) യേശു ക്രിസ്തുവിന്റെ വിസ്താര സമയത്തു   ആരായിരുന്നു മഹാ പുരോഹിതൻ?

54) ഗത്ശമന തോട്ടത്തിൽ വച്ച് ഏതൊക്കെശിഷ്യന്മാരെയാണ്, യേശുക്രിസ്തു അവനോടൊപ്പം പ്രാർത്ഥനക്കായി പ്രത്യേകം തിരഞ്ഞെടുത്തത്?

55) ഏതു അടയാളമാണ് യേശു ഗത്ശമന തോട്ടത്തിൽ ചെയ്തത്? (ഒരെണ്ണം തിരഞ്ഞെടുക്കുക)
A. മഹാപുരോഹിതന്റെ ദാസന്റെ അറ്റുപോയ കാത് സുഖമാക്കി
B.പത്രോസിനു തോട്ടത്തിൽ നിന്നൊരു വാൾ ലഭ്യമാക്കി
C.യേശുവിനെ പിടിക്കാൻ ശ്രമിച്ച പടയാളികൾ എല്ലാം താഴെ വീണു
D.ഒരു അടയാളവും സംഭവിച്ചില്ല

56) പൂരിപ്പിക്കുക:  യേശുവിനെ കാണിച്ചു കൊടുക്കാൻ ഇസ്കറിയോത്ത യൂദാ _______വെള്ളിക്കാശു സ്വീകരിച്ചു. കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തെന്നു മനസ്സിലാക്കി അവൻ ______ വെള്ളിക്കാശു തിരികെ നൽകി.

57) ബരാഖ്യാവിന്റെ  മകൻ സെഖര്യാവ് എവിടെ വച്ചാണ് കൊല്ലപ്പെട്ടത്?

58) എന്താണ് "രക്ത നിലം"? ഏതു പ്രവാചകനാണ് അതിനെപ്പറ്റി പ്രവചിച്ചിട്ടുള്ളത്?

59) ഏതു സ്ത്രീയാണ് യേശുവിനു പക്ഷമായി അവനെ വിട്ടയയ്ക്കാൻ വേണ്ടി പീലാത്തോസിനോട് അപേക്ഷിച്ചത്?

60) യേശുവിന്റെ കല്ലറക്കൽ ചെന്ന രണ്ടു സ്ത്രീകൾ ആരെയാണ് അവിടെ കണ്ടത്? തിരികെ ഓടിപ്പോയ അവരെ എതിരേറ്റു ചെന്നതാര്?

61) ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യന്മാരെ എവിടെ വച്ച് കാണും എന്നാണു പറഞ്ഞത്?

62) ഉയിർത്തെഴുന്നേറ്റ കർത്താവ് സ്വർഗാരോഹണത്തിനു മുൻപ് ശിഷ്യന്മാർക്കു ചില കല്പനകൾ നൽകി. അതിലുൾപ്പെട്ടതൊക്കെ താഴെ കൊടുത്തിരിക്കുന്നതിൽ നിന്ന് തിരഞ്ഞെടുക്കുക.
A.ഗലീല വിട്ടു പോകരുത്
B.സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നിങ്ങൾക്ക് നൽകിയിരിക്കുന്നു
C.സകല ജാതികളെയും ശിഷ്യരാക്കുക
D.അവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിക്കുക
E.ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും അവരെ ഉപദേശിക്കുക
F.ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം അവരെ ഉപദേശിക്കുക

63)ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്തു നിക്കുന്നത് കാണുമ്പോൾ പ്രതീക്ഷിക്കേണ്ട ഏറ്റവും പ്രധാന സംഭവം എന്താണ്?

64) വി മത്തായിയുടെ സുവിശേഷത്തിൽ സ്വർഗ്ഗരാജ്യത്തെപ്പറ്റി എത്ര ഉപമകൾ പറഞ്ഞിട്ടുണ്ട്? അവയുടെ വാക്യങ്ങളുടെ സൂചികകൾ (references) മാത്രം എഴുതുക